സ്ഥിതി വിശേഷമുണ്ട്. ചുരുക്കത്തിൽ ഇതെല്ലാം ഡംപ് ചെയ്യാനുള്ള ഗോഡൗണായി ഫെഡറേഷൻ മാറിയിരിക്കുന്ന സ്ഥിതിവിശേഷം ഉണ്ടായി എന്നുള്ളത് ഒരു ദു:ഖസത്യമാണ്. എന്നാൽ ഇന്നത്തെ സ്ഥിതിയെ സംബന്ധിച്ച് ഗവൺമെൻറ് ബോധവാനാണ്. ഇതിൽ എന്തുചെയ്യണമെന്നതിനെ സംബന്ധിച്ച് ഗവൺമെൻറ് സജീവമായി പരിഗണിച്ചുവരികയാണ്. ഇതിൽ ഇതുവരെ ഫെഡറേഷൻ ആവശ്യപ്പെട്ട ഗാരൻറി ഗവൺമെൻറ് നൽകി. ഡിസ്ട്രസ് പർച്ചെയ്സ് പോലെയുള്ള കാര്യങ്ങളും ചെയ്യുവാൻ സാധിക്കുമോയെന്നുള്ള കാര്യം പരിശോധിച്ചുവരികയാണ്. ഫെഡറേഷൻ ചെയർമാനേയും മറ്റുള്ളവരേയും ഉൾപ്പെടുത്തിക്കൊണ്ട്, മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്തു തീരുമാനം എടുക്കാൻ നടപടികളും എടുത്തുവരികയാണ്. ബഹുമാനപ്പെട്ട മെമ്പർ ലെവിയെ സംബന്ധിച്ച് പറഞ്ഞു. സഭയിൽ മുമ്പ് പറഞ്ഞിട്ടുള്ളതുപോലെ ലെവി സംമ്പ്രദായത്തിനുള്ള അനുമതി ലഭിച്ചുകഴിഞ്ഞു നടപ്പിലാക്കുമ്പോൾ വല്ല പ്രയാസങ്ങളും ഉണ്ടെങ്കിൽ നിശ്ചയമായും അത് അപ്പോൾ കൂടിയാലോചന വഴി പരിഹരിക്കാവുന്നതാണ്.

(15) കേരള യൂണിവേഴ്സിറ്റി സെനറ്റ് യോഗം

ശ്രീ. രമേശ് ചെന്നിത്തല : സർ, കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഒരു ഗുരുതരമായ പ്രതിസന്ധി വന്നിരിക്കുന്നത് ചൂണ്ടിക്കാണിക്കാൻവേണ്ടിയാണ് ഞാൻ ഇവിടെ നിൽക്കുന്നത്. കേരള സർവ്വകലാശാലയുടെ സെനറ്റ് യോഗം കഴിഞ്ഞ രണ്ടുദിവസമായി നടക്കുകയായിരുന്നു. യൂണിവേഴ്സിറ്റിയുടെ ബഡ്ജറ്റ് പാസ്സാക്കുന്നതിനുവേണ്ടിയുള്ള ബഡ്ജറ്റ് സമ്മേളനമായിരുന്നു കഴിഞ്ഞ രണ്ടുദിവസവും നടന്നത്. എന്നാൽ ഈ ബഡ്ജറ്റ് സമ്മേളനം പൂർത്തിയാക്കാനോ, ബഡ്ജറ്റ് പാസ്സാക്കാനോ കഴിയാതെ യൂണിവേഴ്സിറ്റിയുടെ സെനറ്റ് യോഗം അനിശ്ചിതകാലത്തേക്ക് പിരിഞ്ഞുവെന്നുള്ളത് പത്രങ്ങളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ഞാൻ ഒരു സെനറ്റ് മെമ്പറാണ്. ആദ്യദിവസത്തെ സമ്മേളനത്തിൽ ഞാൻ പങ്കെടുത്തതാണ്. ആ സെനറ്റ് യോഗത്തിൽ മൂന്നുപേർ ബഡ്ജറ്റിനെ അനുകൂലിച്ചും മൂന്നുപേർ എതിർത്തുമാണ് പ്രസംഗിച്ചത്. അതിനുശേഷം വൈസ്ചാൻസലർ പറഞ്ഞു ഒന്നരമണിയായതുകൊണ്ട് പിറ്റേദിവസം യോഗം ചേരുന്നതാണ്, അന്ന് കൂടുതൽ ആളുകൾക്ക് സംസാരിക്കാം, ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുക്കാമെന്ന്. അന്നു രാവിലെ അടിയന്തിരപ്രമേയം അവതരിപ്പിക്കാനുള്ള നോട്ടീസ് കൊടുത്തിരുന്നു. കേരളാ യൂണിവേഴ്സിറ്റിയുടെ സ്റ്റാറ്റ്യൂട്ട് ചാപ്റ്റർ 4, സ്റ്റാറ്റ്യൂട്ട് 7, സബ് സെക്ഷൻ 2 (7) അനുസരിച്ച് ഒരിക്കൽ ഒരു വിഷയം സെനറ്റിൽ ചർച്ച ചെയ്താൽ പിന്നെ 12 മാസം കഴിയാതെ ആ വിഷയത്തെ പറ്റി ചർച്ചയ്ക്ക് എടുക്കാനുള്ള അനുവാദം കൊടുക്കരുതെന്നാണ് ഈ ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ 1985 ഡിസംബർ 20, 21 തീയതികളിൽ സെനറ്റ് ചർച്ച ചെയ്ത പ്രീ-ഡിഗ്രി ബോർഡിന്റെ നിർദ്ദേശം ഗവൺമെൻറ് ഉപേക്ഷിക്കണമെന്നുള്ള പ്രമേയം വീണ്ടും ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു അടിയന്തിരപ്രമേയം അവിടെ അവതരിപ്പിക്കുകയുണ്ടായി. യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് പ്രകാരം ഈ വിഷയം ചർച്ചയ്ക്ക് എടുക്കാൻ നിയമപരമായി യാതൊരു സാഹചര്യവുമില്ലാതിരുന്നെങ്കിൽപോലും വൈസ്ചാൻസലർ അത് ചർച്ചയ്ക്ക് എടുക്കണമെന്ന് അഭിപ്രായപ്പെടുകയാണുണ്ടായത്. അതേസമയം ഉത്തരവാദപ്പെട്ട വിദ്യാർത്ഥി

LIBRARY ARCHIVES Kerala Legislative Assembly

കയും ചെയ്തു. അതോടൊപ്പംതന്നെ പതിനായിരക്കണക്കിന് റീവാല്യൂവേഷന്റെ അപേക്ഷകയും കെട്ടിക്കിടക്കുകയാണ് കേരളാ യൂണിവേഴ്സിറ്റിയിൽ ജയിക്കുന്നവരെ തോൽപ്പിക്കുകയും തോൽക്കുന്നവരെ ജയിപ്പിക്കുകയും ചെയ്യുന്ന കേരളാ യൂണിവേഴ്സിറ്റിയിൽ പതിനായിരക്കണക്കിന് റീവാല്യൂവേഷനുള്ള അപേക്ഷകയും കെട്ടിക്കിടക്കുമ്പോയം അതിനെപ്പറ്റി ചിന്തിക്കുന്നില്ല സാർ, അതുപോലെതന്നെ ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടുള്ള പതിനായിരക്കണക്കിന് അപേക്ഷകയും യൂണിവേഴ്സിറ്റിയിൽ കെട്ടിക്കിടക്കുകയാണ്. അതൊന്നും ചർച്ചചെയ്തില്ല. അതോടൊപ്പംതന്നെ പരീക്ഷാ ക്രമക്കേടുകളെപ്പറ്റി അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഉന്നയിച്ച അടിയന്തിരപ്രമേയത്തിന് അനുമതി കൊടുത്തില്ല. ഒരു മണിക്കൂർ നേരത്തേക്ക് വൈസ്ചാൻസലർ യോഗം അഡ്ജോൺ ചെയ്തുകൊണ്ട് അദ്ദേഹം അദ്ദേഹത്തിന്റെ ചേംബറിലേക്ക് പോയി. അതിനുശേഷം 12.45 മണിവരെ സെനറ്റ് അംഗങ്ങയ സെനറ്റ് ഹാളിൽ വൈസ് ചാൻസലർ മടങ്ങിവരുമെന്നുകരുതി കാത്തിരുന്നു. പക്ഷേ അദ്ദേഹം മടങ്ങിവന്നില്ല. ഞാൻ ഇതിന്റെ പ്രസക്തമായ ഭാഗത്തേക്ക് കടക്കുകയാണ്. രജിസ്ട്രാർ സെനറ്റിൽ അംഗമല്ല. അദ്ദേഹം വന്നുപറഞ്ഞു.....I am directed by the Vice Chancellor that the House is dissolved. ഇങ്ങനെ പറയാൻ രജിസ്ട്രാർക്ക് യാതൊരധികാരവുമില്ല. ഇവിടെ പ്രതിപക്ഷം ബഹളമുണ്ടാക്കിയാൽ ഏതെങ്കിലും വികാരപ്രകടനം ഉണ്ടായാൽ അത് നിയന്ത്രിക്കുന്നതിനുപകരം സ്പീക്കർ തന്റെ ചേംബറിലേക്ക് പോവുകയും നിയമസഭാ സെക്രട്ടറി വന്ന് സഭ്മേളനം പിരിച്ചുവിട്ടിരിക്കുന്നുവെന്ന് പറയുകയും ചെയ്യുന്നത് എത്രമാത്രം അനാരോഗ്യകരമാണെന്ന് നമ്മയ ആലോചിക്കണം ? ഇതാണ് കേരളാ സർവ്വകലാശാലാ സെനറ്റിൽ ഉണ്ടായിരിക്കുന്നത്. ധിക്കാരപരമായ നടപടിയാണ് വൈസ്ചാൻസലറുടേത് എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അദ്ധ്യാപകൻമാർ, പ്രൊഫസർമാർ, ശാസ്ത്രജ്ഞൻമാർ, വിദ്യാർത്ഥികയം, എം.എൽ.എ.മാർ അടങ്ങുന്ന ഉന്നതമായ മാനദണ്ഡമുള്ള ഒരു വേദിയാണ് സെനറ്റ് എന്നു പറയുന്നത്. ഈ സെനറ്റിലെ വൈസ്ചാൻസലർ സെനറ്റിനെ അവഹേളിച്ചിരിക്കുകയാണ്. ബഡ്ജറ്റ് പാസ്സാക്കിയിട്ടില്ല. ബഡ്ജറ്റ് പാസ്സാക്കാതെ എങ്ങനെ യൂണിവേഴ്സിറ്റിയുടെ ഭരണപരമായ കാര്യങ്ങയം നടക്കും എന്ന് ചോദിക്കേണ്ടിയിരിക്കുകയാണ്. അതുകൊണ്ട് സാമ്പത്തിക കുഴപ്പത്തിൽ എത്തിച്ചേർന്നിരിക്കുന്നു.

പ്രധാനപ്പെട്ട ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഒരു സിൻഡിക്കേറ്റ് മെമ്പർ പറഞ്ഞു ബഡ്ജറ്റ് പാസ്സാക്കിയിട്ടില്ല; വേറൊരു സിൻഡിക്കേറ്റ് മെമ്പർ പറയുന്നു പാസ്സായിയെന്ന്. അടിയന്തിരമായി പ്രൊ-ചാൻസലർ എന്നുള്ള നിലയിൽ വിദ്യാഭ്യാസമന്ത്രി ഈ കാര്യത്തിൽ ഇടപെട്ട് ഈ പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കണമെന്നും, കേരളാ യൂണിവേഴ്സിറ്റിയിൽ നടക്കുന്ന പരീക്ഷാ ക്രമക്കേടുകളെപ്പറ്റി അന്വേഷിപ്പിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസമന്ത്രി (ശ്രീ. റ്റി. എം. ജേക്കബ്) : സർ, ബഹുമാനപ്പെട്ട മെമ്പറുടെ സബ്മിഷനുള്ള നോട്ടീസ് കിട്ടിയതിനുശേഷം ഇതിനെക്കുറിച്ച് അന്വേഷിക്കുകയുണ്ടായി. അന്വേഷിച്ചപ്പോം എനിക്ക് യൂണിവേഴ്സിറ്റിയിൽനിന്നും ലഭ്യമായ വിവരം മാർച്ച് 21, 22 തീയതികളിൽ യൂണിവേഴ്സിറ്റിയിൽ ബഡ്ജറ്റ് പാസ്സാക്കുന്നതിനുവേണ്ടിയുള്ള യോഗം നടന്നുവെന്നും നിയമപരമായിട്ടുള്ള നടപടികയം സ്വീകരിച്ച് ബഡ്ജറ്റ് പാസ്സാക്കിയിരിക്കുന്നുവെന്നുമാണ് രജിസ്ട്രാർ ഗവൺമെന്റിനെ രേഖാമൂലം എഴുതി

LIBRARY ARCHIVES Kerala Legislative Assembly

അറിയിച്ചിരിക്കുന്നത്. ഇതാണ് ഔദ്യോഗികമായി ഇവിടെ ലഭ്യമായിരിക്കുന്ന വിവരം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. അവിടെ യൂണിവേഴ്സിറ്റി സെനറ്റ് മീറ്റിംഗ് നടന്ന അവസരത്തിൽ ഇവിടെ സൂചിപ്പിച്ചതുപോലെ രണ്ടാമത്തെ ദിവസവും ഏതാനും അടിയന്തിരപ്രമേയങ്ങൾക്ക് നോട്ടീസ് ലഭിച്ചിരുന്നു. ഈ അടിയന്തിരപ്രമേയങ്ങൾ സ്വാഭാവികമായും വൈസ് ചാൻസലർക്ക് അദ്ദേഹത്തിന്റെ വിവേചനാധികാരം ഉപയോഗിച്ചുകൊണ്ട് ഏത് അനുവദിക്കണമെന്നുള്ള തീരുമാനമെടുക്കാമായിരുന്നു. പക്ഷേ അദ്ദേഹം അവിടെ സെനറ്റിൽ അപ്പോൾ ഉണ്ടായിരുന്ന അംഗങ്ങളുടെ അഭിപ്രായമാരാഞ്ഞു എന്നാണ് എനിക്ക് അനൗദ്യോഗികമായി മനസ്സിലാക്കാൻ കഴിഞ്ഞത്. എന്നാൽ അതിന്റെ അടിസ്ഥാനത്തിൽ പ്രീ-ഡിഗ്രി ബോർഡ് രൂപീകരിക്കാനുള്ള ഗവൺമെൻറ് നിർദ്ദേശം തള്ളിക്കളയണമെന്നുള്ള അടിയന്തിരപ്രമേയത്തിന് അനുമതികൊടുക്കാനാണ് അദ്ദേഹം തീരുമാനിച്ചത്. ഒരു കാര്യം സൂചിപ്പിക്കാനുള്ളത് നയപരമായ തീരുമാനമെടുക്കാനുള്ള പൂർണ്ണമായ അധികാരം സംസ്ഥാന ഗവൺമെൻറിനു തന്നെയാണ്. ആ അധികാരം ഗവൺമെൻറിൽ നിക്ഷിപ്തവുമാണ്. പ്രീ-ഡിഗ്രി ബോർഡ് രൂപീകരിക്കണമെന്ന ഒരു നിർദ്ദേശം വളരെ നാളുകളായി ഉയർന്നുവന്നിട്ടുണ്ട്. അതൊരു പുതിയ കണ്ടുപിടിത്തമായി ഈ ഗവൺമെൻറ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുമില്ല. 1968-ൽ അംഗീകരിച്ച ഒരു ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി തന്നെ ഇൻഡ്യയിലെ മിക്കവാറും എല്ലാ സ്റ്റേറ്റുകളിലും ഈ നടപടി പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനെ എതിർക്കുന്ന ആളുകൾ മനസ്സിലാക്കാനുള്ളത് ബംഗാൾ അടക്കമുള്ള സ്റ്റേറ്റുകളിൽ വർഷങ്ങൾക്കുമുൻപ് പ്രീ-ഡിഗ്രി ബോർഡ് നിലവിൽവന്നിട്ടുണ്ട്. പ്രീ-ഡിഗ്രി വിദ്യാഭ്യാസം അല്ലെങ്കിൽ +2 വിദ്യാഭ്യാസം യൂണിവേഴ്സിറ്റി തലത്തിൻനിന്ന് മാറ്റി അത് ഒരു പ്രത്യേക ബോർഡിന്റെ കീഴിൽ കൊണ്ടുവരണമെന്നുള്ളത് ഉന്നത വിദ്യാഭ്യാസരംഗത്തിന്റെ പുരോഗതിക്ക് ഏറ്റവും അനിവാര്യമായ സംഗതിയാണെന്ന് വിദ്യാഭ്യാസവിചക്ഷണൻമാർ പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കേരളവും ചുരുക്കംചില സ്റ്റേറ്റുകളും ഒന്നോ രണ്ടോ യൂണിയൻ ഭരണപ്രദേശങ്ങളും ഒഴിച്ചാൽ ഇൻഡ്യയിലെ ബഹുഭൂരിപക്ഷം സ്റ്റേറ്റുകളിലും നടപ്പിലാക്കിയിരിക്കുന്ന ഈ സമ്പ്രദായം ഇവിടെ നടപ്പിലാക്കേണ്ടത് നമ്മുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് ആവശ്യമാണെന്ന് കണ്ടതുകൊണ്ടാണ് ഗവൺമെൻറ് അങ്ങനെ ഒരു തീരുമാനമെടുത്തത്. ആ വിഷയം ഗവൺമെൻറ് പരിഗണിക്കേണ്ടെന്നു പറഞ്ഞ് അടിയന്തിരപ്രമേയത്തിന് അവതരണാനുമതികൊടുത്തു. അതിനകത്ത് രാഷ്ട്രീയ ഉദ്ദേശമുണ്ടോയെന്നൊന്നും പറയാൻ ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നില്ല. സ്റ്റാഫ് പാറ്റേണിന് വിരുദ്ധമായ കാര്യത്തിന് വൈസ് ചാൻസലർ അനുമതികൊടുത്തു എന്നാണ് ബഹുമാനപ്പെട്ട മെമ്പർ ആക്ഷേപമായി ഇവിടെ ഉന്നയിച്ചത്. അത് പ്രത്യേകമായി അന്വേഷിക്കാം. എന്തായാലും സെനറ്റിന്റെ ഒരു യോഗം നല്ല നിലയിൽ നടത്തുകയും, സെനറ്റ് പൂർണ്ണമായി യോഗം കൂടി ഈ ബഡ്ജറ്റ് പാസ്സാക്കുകയും ചെയ്യേണ്ടത് ആവശ്യമായിരുന്നു. അതിന് വിരുദ്ധമായി എന്തെങ്കിലും നടന്നിട്ടുണ്ടോ എന്നുള്ളത് ഗവൺമെൻറിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച്, അന്വേഷിക്കുകയും ഈ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly